**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **23-02-2022 - ൽ മറുപടിയ്ക്ക്**

**വിവിധ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് കടമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ സി കെ ഹരീന്ദ്രൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സാഹചര്യം പരിഗണിച്ച് വിവിധ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കായും പൊതുജനങ്ങളുടെ കൈകളിലേയ്ക്ക് പണം എത്തിക്കുന്നതിനായും സംസ്ഥാനം കടമെടുക്കുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്ര ബജറ്റിൽ കടമെടുപ്പ് പരിധി കുറച്ചതിന്റെ ഫലമായുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ 2022-23 ൽ ധനകമ്മി ജി.ഡി.പിയുടെ 6.4 ശതമാനമാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് (2021-22 ലെ ബജറ്റ് എസ്റ്റിമേറ്റിൽ ഇത് 6.8 ശതമാനവും 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റിൽ ഇത് 3.5 ശതമാനമായിരുന്നു. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് 2021-22 ൽ സംസ്ഥാനത്തിന്റെ ധനകമ്മി 4.5 ശതമാനമാക്കാനും 2022-23 ൽ സംസ്ഥാനത്തിന് ഇത് 4.0 ശതമാനമാക്കിയും കുറച്ചു കൊണ്ടുവന്ന് 2025-26 ഓടെ 3.0 ശതമാനത്തിലെത്തിക്കണമെന്നാണ് നിബന്ധന. 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റിൽ ജി.എസ്.ഡി.പിയുടെ 3.5 ശതമാനമായിരുന്ന കേന്ദ്ര കടമെടുപ്പ് പരിധി 2021-22 ൽ 6.8 ശതമാനമാക്കിയപ്പോൾ അതേ സമയം സംസ്ഥാനത്തിന് അനുവദിച്ച 4.5 ശതമാനം വായ്പാ പരിധിയിൽ 0.50 ശതമാനം മൂലധനചെലവിന്റെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടും 0.50 ശതമാനം ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുമാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ധനകമ്മി 6 ശതമാനത്തിനുമേൽ നിലനിർത്തുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി 3 ശതമാനമായി നിയന്ത്രിക്കുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സാമ്പത്തിക-സാമൂഹ്യ-ആരോഗ്യ ക്ഷേമ മേഖലകളിൽ നടപ്പിലാക്കിയിട്ടുള്ള പാക്കേജുകളും സഹായങ്ങളും കാരണം സംസ്ഥാനത്തിന്റെ ചിലവഴിക്കൽ പലമടങ്ങായി വർധിപ്പിച്ചിട്ടുണ്ട്. നിബന്ധനകളൊന്നും ഇല്ലാതെ തന്നെ കേന്ദ്ര സർക്കാരിന് കടമെടുക്കാൻ സാധിക്കുന്നു. എന്നാൽ സംസ്ഥാനങ്ങൾക്ക് കർക്കശമായ നിബന്ധനകൾക്ക് വിധേയമായി |

| | | | |
|---|---|---|---|
| | | | മാത്രമേ കടമെടുപ്പ് പരിധി അനുവദിച്ചു നൽകുന്നുള്ളൂ. കേന്ദ്ര സർക്കാരിന്റെ നയമാറ്റത്തിലൂടെയുള്ള ഇത്തരം സമീപനം സംസ്ഥാനത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയാക്കും. |
| (ബി) | പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും കോവിഡ് മഹാമാരി സൃഷ്ടിച്ച ദുരിതങ്ങളുടെ പ്രത്യാഘാതം കുറയ്ക്കുന്നതിനുള്ള ക്ഷേമകാര്യ പ്രവർത്തനങ്ങൾക്കും ആവശ്യമായ വിഭവ സമാഹരണത്തിന് കേന്ദ്ര ധനസംബന്ധമായ ഉത്തരവാദിത്ത നിയമം വിലങ്ങുതടിയാകുന്ന സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള പുനർനിർമ്മാണ പ്രവർത്തന ങ്ങൾക്കും കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടു വച്ചിരുന്നു. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു. സമ്പദ് വ്യവസ്ഥയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ് ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുക. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ. പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക. കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല. |
| (സി) | കടമെടുപ്പ് പരിധി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ താൽപര്യങ്ങൾക്ക് വിരുദ്ധമായ തീരുമാനം ഉണ്ടായാൽ വിഭവ സമാഹരണത്തിനുള്ള മറ്റ് മാർഗ്ഗങ്ങൾ എന്തൊക്കെയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന്; വിശദമാക്കുമോ? | (സി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ ലീവ് സറണ്ടർ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 05.11.2020-ലെ സ.ഉ.(അ)നം.152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ. 2. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി. 3. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി. 4. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ. 5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ. കോവിഡിന്റെ പ്രതികൂല സാഹചര്യം, പ്രതിരോധ വാക്സിനേഷനിലെ പുരോഗതി പരിഗണിക്കുമ്പോൾ, താമസിയാതെ പിന്മാറുമെന്നും അതോടെ സമ്പദ് വ്യവസ്ഥ ചലനാത്മകമാകുമെന്നും ആയത് സർക്കാരിന്റെ വരുമാനത്തിൽ പ്രതിഫലിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്. അതോടൊപ്പം നിലവിൽ തുടരുന്ന സാമ്പത്തിക അച്ചടക്കത്തിലൂന്നിയുള്ള പൊതുചെലവുകളെന്ന നയവും കൂടിയാകുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ